# കേരള വർമ്മ സംസ്കൃത യു പി സ്കൂൾ

# തെക്കുംഭാഗം

# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

# <u>ഉള്ളടക്കം</u>

(1) അടിസ്ഥാന വിവരങ്ങൾ

(2) ആമുഖം

(3) ലക്ഷ്യങ്ങൾ

(4) വിദ്യാലയത്തിന്റെ ചരിത്രം

(5) വിദ്യാലയം -മികവിന്റെ കേന്ദ്രം :- കാഴ്ചപ്പാട്

(6) പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

(7) നിലവിലെ അവസ്ഥാവിശകലനം

(8) ഭൗതികം-നേട്ടങ്ങൾ

(9) അക്കാദമിക് മാസ്റ്റർപ്ലാൻ

(10) സാമൂഹ്യശാസ്ത്രം

(11) ഇംഗ്ലിഷ്

(12) സംസ്കൃതം

(13) ഗണിതം

(14) ഹിന്ദി

(15) സർഗ്ഗശേഷിയുടെ പരിപോഷണം

(16) കായിക പരിശീലനം

(17) മെഡിക്കൽ ക്യാമ്പ്

(18) മൂവി വീക്ക്

(19) പഠനോത്സവം

(20) അക്കാദമിക വാർഷിക കലണ്ടർ

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | :കേരളവർമ്മ സംസ്കൃത യുപി സ്കൂൾ തെക്കുംഭാഗം |
| വിലാസം | :വെള്ളാരപ്പിള്ളി സൗത്ത്P O, ശ്രീമൂലനഗരം, 683580 |
| സ്കൂൾ കോഡ് | :25262 |
| വിദ്യാഭ്യാസ ഉപജില്ല | :ആലുവ |
| വിദ്യാഭ്യാസ ജില്ല | :ആലുവ |
| റവന്യൂ ജില്ല | :എറണാകുളം |
| ബി ആർ സി | :ആലുവ |
| സി ആർ സി | : ശ്രീമൂലനഗരം ജി എൽ പി എസ് |
| വാർഡ് | : 12 |
| ഗ്രാമപഞ്ചായത്ത് | : ശ്രീമൂലനഗരം |
| ബ്ലോക്ക് പഞ്ചായത്ത് | : എറണാകുളം |
| ജില്ലാ പഞ്ചായത്ത് | :എറണാകുളം |
| നിയമസഭാ മണ്ഡലം | :ചാലക്കുടി |

## ആമുഖം

ശ്രീമൂലനഗരം പഞ്ചായത്തിലെ തിരുവൈരാണിക്കുളം എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് ചരിത്രവുമായി കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു കൊച്ചു ഗ്രാമം പ്രസിദ്ധ ഗ്രന്ഥമായ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ അഗവൂർ ചാത്തന്റെ നാട് ഈ കൊച്ചു ഗ്രാമത്തിലാണ് കേരളമെന്നും പേരുകേട്ട ചരിത്രപ്രസിദ്ധമായ തിരുവൈരാണിക്കുളം നടതുറപ്പ് മഹോത്സവം നടന്നുവരുന്നത് ഈ കരയെ സമ്പൽസമൃദ്ധം ആക്കിക്കൊണ്ട് ശാന്ത സ്വരൂപിണിയായ പെരിയാർ ഒഴുകുന്നു. അദ്വൈതത്തിന്റെ ഉപജ്ഞാതാവായ ആദിശങ്കരന്റെ ജന്മം കൊണ്ട് പവിത്രമായ കാലടിയും ഏറെ അകലെയല്ലാതെ സ്ഥിതി ചെയ്യുന്നു പൗരാണികത തുളുമ്പുന്ന വിളിച്ചു വിളി കേട്ട വി സെബസ്ത്യാനോ കാഞ്ഞൂർ പള്ളി വിദ്യാലയത്തിന്റെ അടുത്തുതന്നെ സ്ഥിതി ചെയ്യുന്നു ശക്തൻ ശക്തരായ ശക്തൻ തമ്പുരാന്റെ അവധിക്കാല വാസതിയായ ശക്തൻ തമ്പുരാൻ കോട്ടയും ഞങ്ങളുടെ വിദ്യാലയത്തിന്റെ ശോഭ കൂട്ടുന്നു

## ലക്ഷ്യങ്ങൾ

- ➢ മൂല്യാധിഷ്ഠിതവും സർഗാത്മകവും ആയ വിദ്യാഭ്യാസം ഉറപ്പുവരുത്തുക
- ➢ സമൂഹത്തിന് ഉപകാരപ്പെടുന്ന രീതിയിൽ പുതിയ തലമുറയെ വളർത്തിയെടുക്കുക
- ➢ ഓരോ ഓരോ വിഷയവും മൊഡ്യൂളും അടിസ്ഥാനമാക്കി പാഠ്യപദ്ധതിക്ക് അനുസൃതമായി കുട്ടികൾ നേടേണ്ട ശേഷികൾക്ക്ഊന്നൽ നൽകിക്കൊണ്ടുള്ളപ്രവർത്തനം നടപ്പിലാക്കുക
- ➢ അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
- ➢ പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും ജീവിപ്പിക്കാനും പുതിയ തലമുറയെ പ്രാപ്തമാക്കുക

  വരുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയുടെ സൂക്ഷിപ്പുകാർ മാത്രമാണ് നാം എന്ന ബോധം വളർത്തിയെടുക്കുക

## വിദ്യാലയത്തിന്റെ ചരിത്രം

1925 പ്രവർത്തനം ആരംഭിച്ച ഈ വിദ്യാലയം 1983 വരെ അകവൂർ മനയുടെ കീഴിലായിരുന്നു. അതിനുശേഷം തിരുവൈരാണിക്കുളം മഹാദേവക്ഷേത്ര ട്രസ്റ്റ് ഇത് ഏറ്റെടുക്കുകയും അതിനു കീഴിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു ഇതോടൊപ്പം ഇതേ കോമ്പൗണ്ടിൽ തന്നെ ഇതേ മാനേജ്മെന്റിന്റെ മറ്റൊരു വിദ്യാലയമായ ആകാവൂർ പ്രൈമറി സ്കൂളും പ്രവർത്തിച്ചുവരുന്നു. ഒരേ കോമ്പൗണ്ടിൽ ഒരേക്കർ വിസ്തൃതിയുള്ള സ്ഥലത്താണ് ഇരു വിദ്യാലയങ്ങളും പ്രവർത്തിച്ചു വരുന്നത്. തിരുവൈരാണിക്കുളം ക്ഷേത്ര ട്രസ്റ്റ് ഏറ്റെടുത്തതിനു ശേഷം ഒട്ടേറെ പുരോഗമന പ്രവർത്തനങ്ങൾ മാനേജ്മെന്റ് ചെയ്തുവരുന്നു. ഉദാഹരണമായി ജീർണാവസ്ഥയിൽ ആയിരുന്ന ഈ രണ്ടു വിദ്യാലയങ്ങളും പൊളിച്ചു പണിതത് പുതിയ മന്ദിരത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. മാത്രമല്ല ഒരു സംസ്കാരത്തിന്റെയും കാലത്തിന്റെയും തനിമ വിളിച്ചോതുന്ന ശുദ്ധ സംസ്കൃത വിദ്യാലയമായാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- ➢ കുട്ടികളെ പ്രകൃതിയോടു ഇണങ്ങി ജീവിക്കാൻ പ്രാപ്തരാക്കൽ
- ➢ ശുചിത്വവും മൂല്യബോധവും പരോപകാര തൽപരരുമായ പുതുതലമുറയെ വളർത്തിയെടുക്കൽ
- ➢ പാർശ്വവൽക്കരിക്കപ്പെട്ടവരെ ചേർത്തുനിർത്തൽ
- ➢ ഓരോ കുട്ടിയും ക്ലാസ് മുറിയിൽ ആർജിച്ച അറിവുകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- ➢ പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും രുംതലമുറയ്ക്ക് കൈമാറേണ്ട ഭൂമിയുടെ സൂക്ഷിപ്പുകാർ മാത്രമാണ് നാം എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

- എസ്. ആർ ജി യോഗത്തിൽ കേരള വർമ്മ സംസ്കൃത യുപി സ്കൂൾ വിഷയം 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും

- വികസന ആവശ്യങ്ങൾ ക്ലാസ് വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
- കരട് രൂപരേഖ രാഷ്ട്രീയ സംഘടന പ്രതിനിധികൾ ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ
- ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
- പിടിഎ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രേഖ തയ്യാറാക്കൽ

## നിലവിലെ അവസ്ഥാവിശകലനം

### ഭൗതിക നേട്ടങ്ങൾ

കാലപ്പഴക്കം ചെന്നതുകൊണ്ട് വളരെ ജീർണിച്ച നിലയിൽ ആയിരുന്ന വിദ്യാലയ കെട്ടിടം മാനേജ്മെന്റ് പുതുക്കിപ്പണിതു. കൂടാതെ എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ്സ് ആക്കി ക്രമീകരിച്ച തന്നിട്ടുണ്ട് വിദ്യാർത്ഥികൾക്ക് വേണ്ട ശൗചാലയങ്ങളും സ്ത്രീ സൗഹൃദ ടോയ്‌ലറ്റും എടുത്തു പറയേണ്ട നേട്ടങ്ങൾ തന്നെയാണ്

## പദ്ധതി വിശദാംശങ്ങൾ

# അക്കാദമിക് മാസ്റ്റർപ്ലാൻ

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതലാ അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| പഠിതാക്കളെ ചരിത്രാവബോധമുള്ള വരാക്കി മാറ്റിയെടുക്കുക | അന്തർദേശീയ തല മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി നൂതന | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | സാങ്കേതികവിദ്യ ഉപയോഗിച്ച് ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു ഐസിടി സാധ്യത ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള ഫലങ്ങളുടെ വീഡിയോ പ്രവർത്തിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു | | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു | ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുകയും | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു | | |
| 1.ഭൂമിശാസ്ത്രത്തെ പറ്റി ധാരണ ലഭിക്കുന്നതിനും ,പ്രകൃതി സംരക്ഷണത്തിനും<br><br>2.നദികൾ തലസ്ഥാനങ്ങൾ സംസ്ഥാനങ്ങളിൽ എന്നിവയെപ്പറ്റി ധാരണ ലഭിക്കുന്നതിന്<br><br>3.ജനാധിപത്യ അവബോധം ഉണ്ടാകുന്നതിന്<br><br>4.നിയമത്തെ പറ്റി അവബോധം ഉണ്ടാക്കുന്നതിനും അത് പാലിക്കുന്നതിന് വേണ്ടിയും | 1 നമ്മുടെ പ്രദേശങ്ങളിൽ നിന്ന് പുരാവസ്തുക്കൾ ലഭിച്ച (നന്നങ്ങാടി)സ്ഥലങ്ങൾ സന്ദർശിക്കുന്നു കൂടാതെ പുരാവസ്തു ശേഖരണം സന്ദർശിക്കുന്നു പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുന്നു.<br><br>2.ഐസിടി ഉപയോഗിച്ച് നദികൾ സംസ്ഥാനങ്ങൾ തലസ്ഥാനങ്ങൾ എന്നിവയെപ്പറ്റി വ്യക്തമായ ധാരണ ലഭിക്കുന്നതിന് വേണ്ടി പ്രയത്നിക്കുന്നു.അറ്റ്ലസുകൾ മാപ്പുകൾ എന്നിവ ഉപയോഗിക്കുന്നു.<br><br>3.സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ് നടത്തുന്നു:<br><br>4 നിയമത്തെപ്പറ്റി | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകൻ |

| | | | |
|---|---|---|---|
| | ബോധം ഉണ്ടാക്കുന്നതിനുവേണ്ടി സ്കൂൾ പരിസരത്ത് ട്രാഫിക് നിയന്ത്രണത്തിന്റെ ചുമതല കുട്ടികളും അധ്യാപകരും കൂടി ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു.ഗ്രാമസഭ നടക്കുന്നത് സന്ദർശിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു. | | |

സോഷ്യൽ സയൻസ് മെച്ചപ്പെടുത്തുന്നത്

ഐസിടി ഉപയോഗിച്ച് രാജ്യങ്ങളും ,സംസ്ഥാനങ്ങളും തലസ്ഥാനങ്ങളും കാണിക്കുകയും ഓരോന്നും എവിടെയാണെന്ന് ധാരണ കുട്ടികളിൽ ഉറപ്പുവരുത്തുകയും ചെയ്യുന്നു.കേരളവും കേരളത്തിലെ നദികളും ഫിസിക്കൽ മാപ്പും ഐസിടിവി ഉപയോഗിച്ച് എവിടെയെല്ലാം ആണെന്നുള്ള ധാരണ കുട്ടികൾക്ക് ഉറപ്പാക്കുന്നു.കഴിഞ്ഞവർഷം ഐസിടിയുടെ ഉപയോഗം കുറച്ചുകൂടി വർദ്ധിപ്പിക്കുവാനാണ് ഈ വർഷം തീരുമാനിച്ചിരിക്കുന്നത് കാഴ്ച വഴി ലഭിക്കുന്ന അറിവുകൾ കുട്ടികളിൽ കുറച്ചുകൂടി തങ്ങിനിൽക്കും എന്നതാണ് ഇതിനു കാരണം "മുൻ വർഷങ്ങളിൽ പലതും പറഞ്ഞു പഠിച്ചത് മാപ്പുകൾ രേഖപ്പെടുത്തുമ്പോൾ കുട്ടികൾക്ക് പലസ്ഥലങ്ങളും സംശയങ്ങൾ ഉണ്ടാകുന്നു അതുകൊണ്ട് ഈ വർഷം ഒന്നുകൂടി മെച്ചപ്പെടുത്തി കാണിച്ചു പഠിപ്പിക്കുന്നതിന് തീരുമാനിച്ചു.

## ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| Reading | Card reading competition (simple poems and stories) | July | English Teacher |
| Reading English speaking, writing | Preparing the news report about the program | August | English Teacher |

| | | | |
|---|---|---|---|
| | conducted in school | | |
| Speaking | Talk on a topic/debate | September | English Teacher |
| Speaking & writing | Drama theatre (preparing scripts based on TB and performance - group level competition) | October | English Teacher |
| Speaking Reading and writing | Documentary short films and Reels based on TB | December | English Teacher |
| LSRW | Talent show ( English fest ) victory celebration, magazine publishing & prize distribution | February | English Teacher |
| ശരിയായി ഇംഗ്ലീഷ് സംസാരിക്കുവാനും അനായാസം കൈകാര്യം ചെയ്യാനും ഉള്ള അവസരം ഒരുക്കുന്നു | ലളിതവും അനായാസൗകരവുമായ ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കുട്ടികളെ കേൾപ്പിക്കുന്നു,ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ പ്രേരിപ്പിക്കുന്നു ടീച്ചർ ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് | | English Teacher |

| | | | |
|---|---|---|---|
| | പ്രവർത്തിക്കാൻ പരിശീലിപ്പിക്കുന്നു.<br><br>ഇംഗ്ലീഷ് ടിവി വാർത്തകൾ റെക്കോർഡ് ചെയ്ത് ശ്രവിക്കുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നു.<br><br>വ്യത്യസ്തമായ വസ്തുക്കൾ വിഭിന്ന അറകളിൽ വയ്ക്കുകയും ഓരോന്നിനെ പറ്റിയും ഇംഗ്ലീഷിലുള്ള ചെറിയ വിവരണങ്ങൾ നൽകി സാധനങ്ങൾ തിരിച്ചറിയുന്നതിനുള്ള അവസരം നൽകുകയും ചെയ്യുന്നു. | | |

**സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| സംസ്കൃതത്തോടുള്ള അഭിരുചി വർദ്ധിപ്പിക്കൽ യുപി തലത്തിലെ | തിരഞ്ഞെടുത്ത ചിത്രകഥകളിലൂടെ. Ict സാധ്യത ഉപയോഗിച്ച് ലഘു | ജൂൺ-ആഗസ്റ്റ് | സംസ്കൃത അധ്യാപകൻ |

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | സംഭാഷണം അടങ്ങിയ വീഡിയോ പ്രദർശനം എന്നിവയിലൂടെ കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരിക. | | |
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | പാഠപുസ്തകങ്ങളിലൂടെയും ആനുകാലികപ്രസിദ്ധീ കരണങ്ങളിലൂടെയും മാതൃകാ ചോദ്യപേപ്പർ നിർമ്മിക്കലും | 6 മാസം | സംസ്കൃത അധ്യാപകൻ |
| കുട്ടികളുടെ ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും. | നാടകം കൂത്ത് തുടങ്ങിയവ കാണുന്നതിന് അവസരം ഒരുക്കുന്നു. അഭിനയിക്കാൻ കഴിവുള്ള കുട്ടികളെ ഉൾപ്പെടുത്തി പാഠഭാഗവുമായി ബന്ധപ്പെട്ട സംഘടിപ്പിക്കുന്നു മാസത്തിലൊരുതവണ ആസ്വാദനസഭ ചേരുന്നു. ഒരിക്കൽ അവതരിപ്പിച്ച കുട്ടി | ജൂൺ-മാർച്ച് | സംസ്കൃത അധ്യാപകൻ |

| | | | |
|---|---|---|---|
| | അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | |
| പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ആയിട്ടുള്ള പ്രവർത്തനങ്ങൾ. | പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു പ്രത്യേകം ക്ലാസുകൾ നൽകുന്നു ഗൃഹ സന്ദർശനം നടത്തുന്നു. | 6 മാസം | സംസ്കൃത അധ്യാപകൻ |

സംസ്കൃതം മെച്ചപ്പെടുത്തുന്നതിന്

മുൻ വർഷങ്ങളിൽ അക്ഷരങ്ങൾ ആർജിച്ചവരിൽ എഴുതാനും വായിക്കാനും ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികളെയും ,മറ്റുവിദ്യാർത്ഥികളെയും ചേർത്ത് സംഘങ്ങളായി തിരിച്ച് എഴുതാനും വായിക്കാനും ഓരോ സംഘങ്ങൾക്കും ഓരോ ലീഡർമാരെ ഏർപ്പെടുത്തുന്നു. സ്കൂൾ സമയത്തിന് മുൻപും ശേഷവും രക്ഷിതാക്കളുടെ അനുവാദത്തോടെ അവർക്കു പ്രത്യേക പരിശീലനം നൽകുന്നു

**ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാലകളി രീതിയിലൂടെ അടിസ്ഥാനക്രിയകൾ ഉറപ്പിക്കുന്നതിനുള്ള | ജൂൺ മാസം | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| | പ്രവർത്തനങ്ങൾ( നമ്പർ കാർഡ് മുത്തുകൾ ) | | |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | ഗണിത ലാബിലെ സാമഗ്രികളുടെ സഹായത്തോടെ ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജാമിതീയ രൂപങ്ങൾ ചതുഷ്കീയകൾ എന്നിവ ഐടി സാധ്യതകൾ പ്രയോജനപ്പെടുത്ത ിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു. | മാസത്തിൽ രണ്ട് തവണ | ഗണിത അധ്യാപകർ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിത ക്ലിനിക് ഗണിത അധ്യാപകരും ഗണിതത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകർ |
| ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ | വിവിധ രൂപങ്ങൾനിർമിക്കുന്നു അവയുടെ ഗണിത | നിരന്തരം | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| വികാസവും രസകരമായ ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. | സവിശേഷതകൾ പട്ടികപ്പെടുത്തൽ.ഗണിത അധ്യാപകർ ആധുനീക ശാസ്ത്ര സാങ്കേതിക സാദ്ധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു ജാമിതീയരൂപങ്ങൾ ചതുഷ്ക്രിയകൾ എന്നിവ ICT യുംജിയോജിബ്രയും ഉപയോഗിച്ച്കുട്ടികളിലേക്ക് എത്തിക്കാൻ കഴിയുന്നു | | |

**ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| 1) UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും | അക്ഷരം എഴുത്ത് ചിഹനം ഉറപ്പിക്കൽ. അക്ഷരകാർഡ്,വാക്ക കൾ എഴുതിയ | JUNE to AUGUST | ഹിന്ദി അദ്ധ്യാപിക |

| | | | |
|---|---|---|---|
| ആശയങ്ങളും ഉറപ്പിക്കൽ . | കാർഡ് class ൽ അക്ഷരമാല പ്രദർശനം. ഓൺലൈൻ അക്ഷരമാല കളികൾ. വാക്കുകൾ എഴുതിയ കാർഡുകൾ. വാക്കുകൾ നിർമ്മാണം വാക്യങ്ങളുടെ നിർമ്മാണം | | |
| 1.അക്ഷരചാർട്ട് പാഠപുസ്തകം<br>2.കണ്ടതും കേട്ടതും (നിത്യജീവിതത്തിൽ കാണുന്നതും കേൾക്കുന്നതുമായ ഹിന്ദി പദങ്ങളുടെ പരിചയം) | * നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ഹിന്ദിയിൽ പട്ടികപ്പെടുത്തുക<br>* ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം.<br>* പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കായി ICT യുടെ സഹായത്തോടെ | September to October | ഹിന്ദി അദ്ധ്യാപിക |

| | | | |
|---|---|---|---|
| | ചിത്രത്തോടു കൂടി പദം പരിചയപ്പെടുത്തുക. | | |
| ( സുരീലി ഹിന്ദി ) ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം. | ഹിന്ദി അസംബ്ളി ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്തംബർ 14, ജനുവരി 10) അധികവായന ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ ചിത്രം-അടിക്കുറുപ്പ് ചിത്രം-കഥ പറയൽ ഹിന്ദി club പ്രവർത്തനങ്ങൾ പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികൾക്കായി സുരീലി ഹിന്ദി ദൃശ്യാവിഷ്കാരത്തിലൂടെ കുട്ടികൾക്ക് ഹിന്ദി പദ്യങ്ങൾ പരിചയപ്പെടുത്തുന്ന | November to February | ഹിന്ദി അദ്ധ്യാപിക |
| | | | |

**അടിസ്ഥാനശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ജീ വിതസാഹചര്യ ങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം നിർമാണം . കാവുകൾ സന്ദർശനം നിത്യജീ വിതത്തി ൽ പരിചിതമായ വസ്തു ക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീ ക്ഷണങ്ങളിലൂടെ ശാസ്ത്രക്ലബുകൾ ആരംഭിക്കു ന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ സയൻസ് ക്ലബ് |
| ശാസ്ത്രപ്രക്രിയാ രീതി വികസിപ്പിക്കുക ആധുനിക ശാസ്ത്രോപകരണ ങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | ആധുനിക ശാസ്ത്രലോകത്തി ന്റെവിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തലശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു കുട്ടികളിൽ ശാസ്ത്രാവബോധം വർധിപ്പിക്കു ന്നതിനായി | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

| | | | |
|---|---|---|---|
| | ശാസ്ത്രമാസികകൾ ഉൾകൊള്ളിച്ചശാ സ്ത്ര ലൈബ്രറി | | |
| | | | |
| | | | |

**സർഗ്ഗശേഷിയുടെപരിപോഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| സർഗ്ഗശേഷിയുടെ പരിപോഷണം | സർഗ്ഗശേഷിയുടെ പരിപോഷണം. സാഹിത്യകാരൻ മാരുമായി അഭിമുഖം നടത്തൽ, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | കലാ തല്പരരായ അധ്യാപകർ, |
| നാടക കളരി | നാടക പരിശീലന ശില്പശാല, സർഗാത്മക വികസനം. പാഠഭാഗങ്ങളെ നാടകങ്ങൾ ആയി അവതരിപ്പിക്കാനുള്ള | പാഠഭാഗവുമായി ബന്ധപ്പെട്ട സമയങ്ങളിൽ | കലാ തല്പരരായ അധ്യാപകർ, |

| | | | |
|---|---|---|---|
| | പരിശിലനവും ആയതിന്റെ അവതരണവും | | |
| ലഘു ചലച്ചിത്ര നിർമ്മാണം | കുട്ടികളുടെ സഹായത്താൽ ലഘു ചലച്ചിത്ര നിർമ്മാണം, കുട്ടികൾ അവരുടെ കഴിവുകൾപ്രദർശിപ്പിക്കുന്നു (ക്യാമറ, എഡിറ്റിങ്, സംഗീതം) | പാഠഭാഗവുമായി ബന്ധപ്പെട്ട സമയങ്ങളിൽ | കലാ തല്പരരായഅധ്യാപകർ |

**കായിക പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകീട്ടും കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | ആഴ്ചയിൽ രണ്ടു ദിവസം | കായിക അധ്യാപകൻ |

**മെഡിക്കൽ ക്യാമ്പ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വിദ്യാലയത്തോടു ആഭിമുഖ്യമുള്ള ഡോക്ടർമാരുടെ സേവനം | വർഷത്തിൽ ഒരു പ്രാവശ്യം | ഡോക്ടർ |

| | | | |
|---|---|---|---|
| | ഉപയോഗപ്പെടു ത്തിക്കൊണ്ടു കുട്ടികൾക്ക് ആരോഗ്യ സംരക്ഷണത്തെ കുറിച്ചും ശുചിത്വത്തെ കുറിച്ചും ക്ലാസും പ്രാഥമികമായ വൈദ്യ പരിശോധനയും | | |
| ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് | കുട്ടികൾക്ക് വേണ്ടിയും രക്ഷകർത്താക്കൾക്ക് വേണ്ടിയും ലഹരി വിരുദ്ധ ബോധവൽക്കരണ നടത്തുവാൻ തീരുമാനിച്ചു. പിടിഎ മീറ്റിങ്ങിനോടനുബന്ധിച്ച് രക്ഷകർത്താക്കളെ വിളിച്ച് അവർക്ക് ലഹരി ഉപയോഗിക്കുന്ന കുട്ടികൾക്ക് ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും അതിന് വേണ്ട മുൻകരുതലുകളെ കുറിച്ചും ഇനി | വർഷത്തിൽ രണ്ട് പ്രാവശ്യം | സ്കൂളിലെ അധ്യാപകൻ, ഹെൽത്ത് പ്രതിനിധി |

| | | | |
|---|---|---|---|
| | അഥവാ ലഹരിയിൽ പെട്ടുപോയ കുട്ടികളുണ്ടെങ്കിൽ അതിനുവേണ്ട പ്രതിവിധിയെക്കുറിച്ചും ക്ലാസ് എടുക്കുന്നു | | |
| റോഡ് സുരക്ഷാ മാർഗ്ഗങ്ങളെ കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുന്നു. | റോഡ് സുരക്ഷ മാർഗ്ഗങ്ങളെ കുറിച്ചും റോഡിലൂടെ നടക്കുമ്പോൾ ഒരു പൗരൻ എന്ന രീതിയിൽ നമ്മൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ഒരു സാമൂഹികജീവി എന്ന നിലയിൽ സമൂഹത്തിൽ നടത്തേണ്ട ഇടപെടലുകളെ കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു | വർഷത്തിൽ ഒരു പ്രാവശ്യം | സ്മിത ടീച്ചർ |

## Movie Weak

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| കുട്ടികൾക്കായുള്ള ചലച്ചിത്ര പ്രദർശനം | കുട്ടികൾക്കായുള്ള ചലച്ചിത്ര പ്രദർശനം. | വർഷത്തിൽ ഒരാഴ്ച | തല്പരരായ അധ്യാപകർ |

| | | | |
|---|---|---|---|
| | ചർച്ചകൾ. ചലച്ചിത്ര നിരൂപണം | | |

**പഠനോത്സവം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല |
|---|---|---|---|
| പഠനോത്സവം | ശാസ്ത്ര വിഷയങ്ങളിൽ കുട്ടികൾ ആർജ്ജിച്ചതും പഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്കുള്ളതുമായ കഴിവുകൾ ഉപയോഗിച്ച് കൊണ്ട് അവർ നിർമ്മിച്ച വസ്തുക്കളുടെയും, പരീക്ഷണങ്ങളുടെയും പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | എല്ലാ അധ്യാപകരും |

**അക്കാദമിക വാർഷിക കലണ്ടർ**

| **ജൂൺ** | | |
|---|---|---|
| പ്രവേശനോത്സവം | 3 | Pta, Management, trs and students |
| പരിസ്ഥിതി ദിനം പച്ചക്കറിത്തോട്ടം | 5 | Science Club |
| വിദ്യാരംഗം ക്ലബ് രൂപീകരണം | 10 | HM, Trs and Students |

| | | |
|---|---|---|
| വായനാവാരം<br>ലൈബ്രറി സന്ദർശനം<br>സ്കൂൾ ലൈബ്രറി<br>നവീകരണം | 19 | ഭാഷാ ക്ലബ് |
| യോഗ ദിനം | 21 | |
| ക്വിസ് | 24 | ക്ലബ് പ്രവർത്തനം |
| **ജൂലൈ** | | |
| ബഷീർ ദിനം | 5 | Trs, students ഭാഷാ ക്ലബ് |
| ലോക ജനസംഖ്യാ ദിനം | 11 | SS ക്ലബ് |
| ക്ലാസ് PTA | 12 | |
| ശാസ്ത്ര ലാബ്, ശില്പ ശാല | 20 | |
| ചാന്ദ്രദിനം | 21 | BS ക്ലബ് |
| പ്രേംചന്ദ് ദിനം | 31 | ഭാഷാ ക്ലബ് |
| **ആഗസ്ത്** | | |
| ക്വിസ് മത്സരം | 2 | SRG, PTA, SS club |
| സ്വാതന്ത്ര്യ ദിനം | 15 | SS ക്ലബ് |
| സാഹിത്യ ശില്പശാല | 23 | ഭാഷാ ക്ലബ് |
| തൊഴിൽ പരിശീലനം(സോപ്പ് നിർമ്മാണം) | 30 | ശാസ്ത്ര ക്ലബ് |
| ക്ലാസ് PTA | 8 | |
| **സെപ്റ്റംബർ** | | |
| അദ്ധ്യാപക ദിനം, | 5 | SRG, PTA, SS club |

| | | |
|---|---|---|
| ലോക സാക്ഷരതാ ദിനം | | |
| ക്ലാസ് PTA | 9 | |
| ഹിന്ദി ദിനം, കവി പരിചയം, പോസ്റ്റർ, കവിതാലാപനം | 14 | ഭാഷാ ക്ലബ് |
| ഓസോൺ സംരക്ഷണ ദിനം, ബോധവത്കരണം, ചുമർ പത്രിക, വിദ്യാരംഗം ക്വിസ് | 16 | ശാസ്ത്ര ക്ലബ് |
| ഓണാഘോഷം | | PTA, Trs, Students, Management |
| **ഒക്ടോബർ** | | |
| ഗാന്ധിജയന്തി (സേവനവാരം) | 2 | Trs, students ,PTA |
| വയോജന ദിനം | 3 | |
| കലോത്സവം ശാസ്ത്രമേള എന്നിവയുടെ പരിശീലനം | | ശാസ്ത്ര ക്ലബ് |
| നവരാത്രി ആഘോഷം | | Trs, Students |
| ക്ലാസ് പിടിഎ | | Trs & PTA |
| പൊതുയോഗം | | Trs & PTA, Manager |
| **നവംബർ** | | |
| കേരളപ്പിറവി ക്വിസ്, കുട്ടികളുടെ പരിപാടികൾ | 1 | Trs, PTA, Students |
| സി വി രാമൻ ദിന | 7 | Science club |

| | | |
|---|---|---|
| ശിശുദിനം (കുട്ടികളുടെ വിവിധ പരിപാടികൾ) | 14 | SS club Trs |
| Class PTA | 13 | Trs & PTA |
| **ഡിസംബർ** | | |
| രണ്ടാം പാദവാർഷിക പരീക്ഷ റിവിഷൻ | | Teachers |
| സ്കോളർഷിപ്പ് പരീക്ഷ പരിശീലനം, ക്വിസ് കോമ്പറ്റീഷൻ | | Teachers |
| ഊർജ്ജ സംരക്ഷണ ദിനം | | Science Club members |
| ക്ലാസ് പിടിഎ Trs & PTA | | Trs & PTA |
| ക്രിസ്മസ് ആഘോഷം | | Trs & PTA |
| **ജനുവരി** | | |
| നവവത്സര ദിനം | 1 | Trs, HM, Students, PTA |
| ക്ലാസ് പിടിഎ | | |
| ലോക ഹിന്ദി ദിനം | 10 | Hindi Trs., Students |
| സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | Teachers |
| ലിറ്റിൽ ജീനിയസ് | | Teachers |
| വിദ്യാരംഗം | | Students, Trs |
| **ഫെബ്രുവരി** | | |
| സാമൂഹ്യ ക്ലാസ് പ്രവർത്തനങ്ങൾ | | SS teacher and club members |
| വാർഷികാഘോഷം ഒരുക്കങ്ങൾ | | Trs, Students |

| | | |
|---|---|---|
| ക്ലാസ് പിടിഎ | | Trs & PTA |
| വിദ്യാരംഗം | | Trs, Students |
| ലിറ്റിൽ ജീനിയസ് | | Teachers |
| **മാർച്ച്** | | |
| ലിറ്റിൽ ജീനിയസ് | | Trs, Students |
| ക്ലാസ് പിടിഎ | | Trs & PTA |
| വാർഷിക ആഘോഷം | | Manager, HM, PTA, Trs. |
| വാർഷിക പരീക്ഷാ റിവിഷൻ | | Trs |

**ശുഭം**